പത്രക്കുറിപ്പ്
16/09/2020

## കുടുംബശ്രീ ഒരു നേർച്ചിത്രം, ഫോട്ടോഗ്രാഫി മത്സരം മൂന്നാം സീസൺ: ടി.ജെ. വർഗീസിന് ഒന്നാം സ്ഥാനം

---

തിരുവനന്തപുരം : കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രാഫി മത്സരത്തിന്റെ മൂന്നാം സീസൺ വിജയികളെ പ്രഖ്യാപിച്ചു. എറണാകുളം പച്ചാളം സ്വദേശി തൈവേലിക്കകത്ത് വീട്ടിൽ ടി.ജെ. വർഗീസിനാണ് ഒന്നാം സ്ഥാനം. മാതൃഭൂമി പാലക്കാട് യൂണിറ്റ് ന്യൂസ് ഫോട്ടോഗ്രാഫറായ എറണാകുളം സ്വദേശി പി.പി. രതീഷ് രണ്ടാം സ്ഥാനത്തിനും കാസർഗോഡ് കോട്ടക്കണ്ണി അതിഥി നിലയത്തിൽ ദിനേഷ് ഇൻസൈറ്റിന് മൂന്നാം സ്ഥാനത്തിനും അർഹരായി. ഒന്നാം സ്ഥാനത്തിന് 20,000 രൂപയും രണ്ടാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5000 രൂപയും ക്യാഷ് അവാർഡായി ലഭിക്കും. മറ്റ് മികച്ച പത്ത് ഫോട്ടോകൾ 1000 രൂപ വീതമുള്ള പ്രോത്സാഹന സമ്മാനത്തിനായും തെരഞ്ഞെടുത്തു.

2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയായിരുന്നു ഫോട്ടോഗ്രാഫി മത്സരത്തിന്റെ മൂന്നാം സീസൺ സംഘടിപ്പിച്ചത്. ദേശാഭിമാനി ചീഫ് ഫോട്ടോഗ്രാഫർ ജി. പ്രമോദ്, ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പ് ചീഫ് ഫോട്ടോഗ്രാഫർ വി. വിനോദ്, ന്യൂസ് ഫോട്ടോഗ്രാഫർ രാഖി യു.എസ്, കുടുംബശ്രീ ഡയറക്ടർ ആശ വർഗ്ഗീസ് എന്നിവരുൾപ്പെടുന്ന ജൂറിയാണ് വിജയികളെ കണ്ടെത്തിയത്.

സ്ത്രീശാക്തീകരണം മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ശക്തി വെളിപ്പെടുത്തുന്ന ചിത്രങ്ങളാണ് 2017ൽ തുടക്കമിട്ട കുടുംബശ്രീ ഒരു നേർച്ചിത്രം ഫോട്ടോഗ്രാഫി മത്സരത്തിനായി പരിഗണിക്കുന്നത്. ആദ്യ രണ്ട് സീസണുകളിലേത് പോലെ മൂന്നാം സീസണിലും മികച്ച പ്രതികരണമാണ് മത്സരത്തിന് ലഭിച്ചത്. മത്സരത്തിന്റെ നാലാം സീസൺ 2020 ഡിസംബറിൽ നടക്കും.

പ്രോത്സാഹന സമ്മാനാർഹർ : കെ. പ്രമോദ്, പ്രവീൺ കുമാർ, അശോക് മണലൂർ, രാകേഷ് പുതൂർ, സിബിൻ ബാഹുലേയൻ, അഖിൽ ഇ.എസ്, ടോജോ പി. ആന്റണി, ഷിജു പന്തല്ലൂർ, സുമേഷ് കൊടിയത്ത്, എൻ. എളങ്കോ ഗോപൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ